എം.എൽ.എ. ഫണ്ടിൽ നിന്നും മേപ്പയൂർ മണ്ഡലത്തിലെ ആരോഗ്യ ബോധ വൽക്കരണത്തിനുതകുന്ന എൽ. സി. ഡി. പ്രോജക്ടർ നൽകി (തുക 1,00,000 രൂപ), മേപ്പയൂർ തിരുവള്ളൂർ ഗവൺമെന്റ് ആശുപത്രിക്ക് മൊബൈൽ ഫ്രീസർ നൽകി (തുക 1,44,000 രൂപ), കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിന് സ്ട്രോക്ക് ചികിത്സയ്ക്ക് ഏറെ ഉപകാരപ്രദമായ 5,00,000 രൂപ വില വരുന്ന ഉപകരണം നൽകുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു. കഴിഞ്ഞ വർഷം പരിരക്ഷയുടെ ശുചിത്വ യജ്ഞമത്സരത്തിന്റെ ഭാഗമായി സമ്മാനം ലഭിച്ച കുറ്റ്യാടി, കുന്നുമ്മൽ പഞ്ചായത്തുകൾക്ക് ടി പഞ്ചായത്തുകൾ തയ്യാറാക്കിയ പ്രോജക്ടുകൾക്ക് മൂന്ന് ലക്ഷം രൂപാ വീതം നൽകുന്നതിന് നടപടി സ്വീകരിച്ചു. കൂടാതെ മണിയൂർ, മേപ്പയൂർ, തിരുവള്ളൂർ എന്നീ പഞ്ചായത്തുകൾക്ക് പരിരക്ഷ ശുചിത്വയജ്ഞ മത്സരത്തിന്റെ ഭാഗമായി ലഭിച്ച ഓരോ ലക്ഷം രൂപ വീതം നൽകുന്നതിന് നടപടി സ്വീകരിച്ചു.

(സി) പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങൾ കൃത്യമായി പ്രവർത്തനക്ഷമമാണെന്ന് ഉറപ്പു വരുത്താൻ മെഡിക്കൽ ആഫീസർമാർക്കും പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. കുന്നുമ്മൽ, തിരുവള്ളൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ ഇതിന് മേൽനോട്ടം വഹിക്കുന്നുണ്ട്.

കേരള ഹാർട്ട് ഫൗണ്ടേഷനും ഡയബെറ്റിക് ഇൻസ്റ്റിറ്റ്യൂട്ടും ഒരു സ്ഥാപനമായി പ്രവർത്തിപ്പിക്കുന്നതിന് നടപടി

26 (4896) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഹാർട്ട് ഫൗണ്ടേഷനും ഡയബെറ്റിക് ഇൻസ്റ്റിറ്റ്യൂട്ടും ഒരു സ്ഥാപനമായി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പുതിയ സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളും ഘടനയും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ രണ്ടു സ്ഥാപനങ്ങളിലും എത്ര ജീവനക്കാർ ജോലി ചെയ്തു വരുന്നുണ്ട് ; ഇനം തിരിച്ചു വ്യക്തമാക്കുമോ ;

(ഡി) ഒരു സ്ഥാപനമായി പ്രവർത്തിക്കുമ്പോൾ നിലവിലുള്ള കരാർ ദിവസവേതന ജീവനക്കാരുടെ ജോലി തുടർന്നു പോകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) സംയോജിത സ്ഥാപനത്തിന് ധനസഹായവും ഗ്രാന്റും ഫണ്ടും ലഭിക്കുന്നത് എപ്രകാരമാണെന്ന് വിശദമാക്കുമോ ;

(എഫ്) സംയോജിത സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2-7-2009-ൽ ചേർന്ന ഗവേണിംഗ് ബോഡിയോഗത്തിൽ കേരളാ ഹാർട്ട് ഫൗണ്ടേഷൻ, ഇൻസ്റ്റീറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് എന്നിവ സംയോജിപ്പിച്ച് ഒരു സ്ഥാപനമായി പ്രവർത്തിപ്പിക്കുവാൻ തീരുമാനം എടുത്തിരുന്നു.

(ബി) പ്രമേഹത്തിന്റെയും മറ്റ് പകർച്ചേതര രോഗങ്ങളുടേതുമായ ഗവേഷണത്തിനും, പഠനത്തിനും പരിശീലനത്തിനും ചികിത്സയ്ക്കും വേണ്ടിയുള്ള ഒരു സ്ഥാപനം "ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് & നോൺ കമ്മ്യൂണിക്കബിൾ" ഡിസീസസ് എന്ന പേരിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

കേരള ഹാർട്ട് ഫൗണ്ടേഷനിൽ ഇപ്പോൾ നാല് ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

ഡയറക്ടർ	1 (തിരുവനന്തപുരം മെഡിക്കൽ കോളേജ് കാർഡിയോളജി വകുപ്പ് മേധാവി)
പ്രോജക്ട് ഓഫീസർ	1 (തിരുവന്തപുരം മെഡിക്കൽ കോളേജ് കാർഡിയോളജി വകുപ്പ് പ്രൊഫസർ)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ	1 (ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി)
പ്യൂൺ	1 (കൺസോളിഡേറ്റഡ് പേ)

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിൽ ആകെ 24 ജീവനക്കാർ ജോലി ചെയ്യുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ഡയറക്ടർ ആന്റ് ചീഫ് എക്സിക്യൂട്ടീവ്

ഓഫീസർ	- 1 (പാർട്ട് ടൈം)
അസിസ്റ്റന്റ് നോഡൽ ഓഫീസർ	- 1 (വർക്കിംഗ് അറേഞ്ച്മെന്റ്)
ഫിസിഷ്യൻ	- 1 (ഡെപ്യൂട്ടേഷൻ)
പ്ലാസ്റ്റിക് സർജൻ	- 1 (വർക്കിംഗ് അറേഞ്ച്മെന്റ്)
മെഡിക്കൽ ഓഫീസർ	- 4 (എൻ.ആർ.എച്ച്.എം. കരാർ അടിസ്ഥാനത്തിൽ)
ഫിനാൻസ് കൺട്രോളർ	- 1 (പാർട്ട് ടൈം)
അഡ്മിനിസ്ട്രേറ്റീവ് കം ലയ്സൺ ഓഫീസ്	- 1 (കരാർ അടിസ്ഥാനത്തിൽ)
ലബോറട്ടറി ടെക്നീഷ്യൻസ്	- 5 (ഡെപ്യൂട്ടേഷൻ)
സ്റ്റാഫ് നഴ്സ്	- 2 (എൻ.ആർ.എച്ച്.എം. കരാർ)

LIBRARY ARCHIVES Kerala Legislative Assembly

ഓഫ്ത്താൽമിക് അസിസ്റ്റന്റ്	- 1 (ദിവസക്കൂലി)
ഡയറ്റിഷ്യൻ	- 1 (ദിവസക്കൂലി)
അക്കൗണ്ടന്റ്	- 1 (കരാർ)
റിസപ്ഷനിസ്റ്റ് കം-ഓഫീസ് അസിസ്റ്റന്റ്	- 1 (കരാർ)
പാർട്ട് ടൈം സ്വീപ്പർ	- 2
നൈറ്റ് വാച്ച് മാൻ	- 1 (കരാർ)
	24

(ഡി) പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) പരിശോധിച്ച് ആവശ്യമായ നടപടി യഥാസമയം കൈക്കൊള്ളുന്നതാണ്.

(എഫ്) സ്വീകരിക്കുന്നതാണ്.

മാതൃശിശു സംരക്ഷണ കേന്ദ്രത്തിലെ ലുക്കീമിയ വാർഡ്

27 (4898) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാതൃശിശു സംരക്ഷണകേന്ദ്രത്തിലെ ലുക്കീമിയ വാർഡിൽ ആവശ്യമായ സൗകര്യങ്ങൾ നിലവിലില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) കോഴിക്കോട് മാതൃശിശു സംരക്ഷണ കേന്ദ്രത്തിലെ ലുക്കീമിയ വാർഡിൽ താഴെ പറയുന്ന സൗകര്യങ്ങൾ നിലവിലുണ്ട്. 25 രക്താർബുദ രോഗികളായ കുട്ടികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള ശീതീകരിച്ച വാർഡും ക്യാൻസർ ചികിത്സയിൽ പ്രത്യേക പരിശീലനം ലഭിച്ച ഡോക്ടറുടേയും ആറ് സ്റ്റാഫ് നേഴ്സുമാരുടേയും സേവനവും ഇവിടെ ലഭ്യമാണ്. ക്യാൻസർ സുരക്ഷാ പദ്ധതി വഴി ഇവർക്കാവശ്യമായ മരുന്നുകൾ സൗജന്യമായി കൊടുക്കുന്നുണ്ട്. രോഗ നിർണ്ണയത്തിനു വേണ്ട ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള സൗകര്യം സൗജന്യമായി നൽകുന്നുണ്ട്. രക്തവും രക്തേതര ഘടകങ്ങളും ആവശ്യമായ രോഗികൾക്ക് അവ സൗജന്യമായി രക്തബാങ്ക് വഴി നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly